പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6496 | 08/11/2016 ൽ മറുപടി നല്കേണ്ടത്. |
|---|---|

**റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം.** | | ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയുടെ പുതിയ ഒ.പി. ബ്ലോക്ക് നിർമ്മാണം ഏതു ഘട്ടം വരെയായി; നിർമ്മാണച്ചിലവ് എത്ര, എന്ന് നിർമ്മാണം ആരംഭിച്ചു എന്നിവ വിശദമാക്കുമോ; | എ) | ഒ.പി. ബ്ലോക്ക് നിർമ്മാണം 90% വരെ പൂർത്തിയായിട്ടുണ്ട്.<br>നിർമ്മാണച്ചെലവ് 5 കോടി രൂപ.<br>23/12/2010 ൽ നിർമ്മാണം ആരംഭിച്ചു. |
| ബി) | നിർമ്മാണം വൈകാനുണ്ടായ കാരണം വ്യക്തമാക്കാമോ; തടസ്സങ്ങൾ മാറ്റി നിർമ്മാണം പുനരാരംഭിച്ചുവോ എന്നും ആയതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കുമോ; | ബി) | പുതിയ കെട്ടിടം നിലവിലെ കെട്ടിടത്തോട് ചേർന്നാണ് നിർമ്മിക്കുന്നത്. നിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ നിക്ഷേപിക്കുന്നതിനുള്ള സ്ഥല പരിമിതി, സാധനങ്ങളുടെ ലഭ്യത കുറവ് , നിലവിലെ ആശുപത്രിയുടെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിലുള്ള നിർമാണം എന്നിവയാണ് നിർമ്മാണം വൈകാനുണ്ടായ കാരണം. നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് തീരുമാനിച്ചിട്ടില്ല. |
| സി) | എന്തൊക്കെ സംവിധാനങ്ങളാണ് പുതിയ ഒ.പി. ബ്ലാക്കിൽ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കുമോ? | സി) | ഒ.പി. വിഭാഗം,, ഡയാലിസിസ് യൂണിറ്റ്. ലാബ് സൗകര്യം എന്നിവയാണ് പ്രസ്തുത ബ്ലോക്കിൽ വിഭാവനം ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ